"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - എറണാകുളം ജില്ല മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് കുമാരി ഷെർവിൻ ജോസഫ് - മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1686/2026/LSGD    തീയതി,തിരുവനന്തപുരം, 08-09-2026

---

പരാമർശം:-

1. മുടക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2026ലെ 2699474 -2026 നമ്പർ നടപടിക്രമങ്ങൾ.
2. മുടക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.07.2026ലെ 4821571-2026 നമ്പർ നടപടിക്രമങ്ങൾ.
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.07.2026ലെ LSGD/PD/20235/2026-DEC3 നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.09.2026ലെ LSGD/PD/20235/2026-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് കുമാരി ഷെർവിൻ ജോസഫിന് 21.03.2026 മുതൽ 30.09.2026 വരെ 194 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) പ്രകാരം കുമാരി ഷെർവിൻ ജോസഫിന് ആരോഗ്യപരമായ കാരണങ്ങളാൽ 21.03.2026 മുതൽ 17.06.2026 വരെ 89 ദിവസത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പരാമർശം (1) നടപടിക്രമങ്ങൾ പരാമർശം (2) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ടിയാൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അവധി അനുവദിക്കാവുന്നതാണെന്ന് പരാമർശം (4)

പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് കുമാരി ഷെർവിൻ ജോസഫിന് 21.03.2026 മുതൽ 30.09.2026 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.
3. ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4. സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. കുമാരി ഷെർവിൻ ജോസഫ് , ക്ലർക്ക് , മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. ഡയറക്ടർ . ഐ കെ എം.
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
8. കരുതൽ ഫയൽ (ഫയൽ നം.142/ഇപിഎ1/2026-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 08-09-2026
14:25:34

സെക്ഷൻ ഓഫീസർ